## കേരള ഫാം ഫ്രഷ് പഴം പച്ചക്കറി- അടിസ്ഥാന വില പദ്ധതിയിൽ അപേക്ഷിക്കുന്ന കർഷകർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

-www.aims.kerala.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും അടിസ്ഥാനവില പദ്ധതിയിൽ ഓൺലൈനായി അപേക്ഷിക്കുകയും ചെയ്യുന്ന കർഷകർ മാത്രമാണ് പദ്ധതിയുടെ ഭാഗമാകുക.

-തിരഞ്ഞെടുത്ത വിളകൾക്ക് മാത്രമാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്.

-ഓരോ വിളകൾക്കും അടിസ്ഥാന വില പദ്ധതിയിൽ അപേക്ഷിക്കേണ്ട സമയം നിജപ്പെടുത്തിയിട്ടുണ്ട്.

-പച്ചക്കറി കർഷകർ നട്ടതിനുശേഷം 30 ദിവസത്തിന് മുൻപും ഏത്തവാഴ, മരച്ചീനി, പൈനാപ്പിൾ എന്നീ വിളകൾ കൃഷി ചെയ്യുന്ന കർഷകർ കൃഷി തുടങ്ങി 90 ദിവസത്തിന് മുൻപും ആണ് പദ്ധതിയിൽ അപേക്ഷിക്കേണ്ടത്.

-ഒരു കർഷകന് പരമാവധി 6 ഹെക്ടർ (15 ഏക്കർ) സ്ഥലത്ത് ഉള്ള കൃഷിക്ക് മാത്രമേ ഒരു സീസണിൽ അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ.

-ഓരോ വിളയ്ക്കും അടിസ്ഥാന ഉൽപ്പാദനക്ഷമത തീരുമാനിച്ചിട്ടുണ്ട്. കർഷകരുടെ ആനുകൂല്യം ഈ ഉൽപ്പാദനക്ഷമതയിൽ നിജപ്പെടുത്തുന്നതാണ്.

-പച്ചക്കറികൾ കൃഷി ചെയ്യുന്ന കർഷകർ ഒരു തവണയും ഏത്തവാഴ. മരിച്ചീനി, പൈനാപ്പിൾ എന്നിവ കൃഷി ചെയ്യുന്ന കർഷകർ രണ്ടുതവണയും ജിയോ ടാഗ് ചെയ്ത ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

-വയനാട് ജില്ലയിൽ നിന്നും ഏത്തവാഴ കൃഷി ചെയ്യുന്ന കർഷകർ രജിസ്റ്റർ ചെയ്യുന്ന സമയത്ത് വയനാടൻ നേന്ത്രൻ എന്ന് തിരഞ്ഞെടുക്കേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ നിരസിക്കപ്പെടുന്നതാണ്.

| ക്രമ നം | വിള | അടിസ്ഥാന വില | അടിസ്ഥാന ഉത്പാദന ക്ഷമത (MT/Ha) |
|---|---|---|---|
| 1 | മരച്ചീനി | **12** | 15 |
| 2 | നേന്ത്രൻ<br>*വയനാടൻ നേന്ത്രൻ | **30**<br>**24** | 10<br>10 |
| 3 | കൈതച്ചക്ക | **15** | 14 |
| 4 | കുമ്പളം | **9** | 11 |
| 5 | വെള്ളരി | **8** | 10 |
| 6 | പാവൽ | **30** | 10 |
| 7 | പടവലം | **16** | 15 |
| 8 | വള്ളിപയർ | **34** | 8 |
| 9 | തക്കാളി | **8** | 15 |
| 10 | വെണ്ട | **20** | 8 |
| 11 | ക്യാബേജ് | **11** | 20 |
| 12 | ക്യാരറ്റ് | **21** | 15 |
| 13 | ഉരുളകിഴങ്ങ് | **20** | 15 |
| 14 | ബീൻസ് | **28** | 11 |
| 15 | ബീറ്റ്റൂട്ട് | **21** | 12 |
| 16 | വെളുത്തുള്ളി | **139** | 05 |

കൃഷി ഡയറക്ടർ